# Deepika

## 27 August 2018

## Kochi; After Flood, Flood Relief Camps, Precautions



### മൃഗസംരക്ഷണ വകുപ്പ് ധനസഹായം നൽകും

**കൊച്ചി:** കന്നുകാലി സമ്പത്ത് വർധിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകുന്ന പദ്ധതി മൃഗസംരക്ഷണവകുപ്പ് എറണാകുളം ജില്ലയിൽ നടപ്പാക്കുന്നു. മൃഗസംരക്ഷണ മേഖലയിലെ കർഷകരേയും സംരംഭകരേയും ഫാം ഉടമകളേയും പ്രോത്സാഹിപ്പിക്കുന്നതിനും വായ്പകളുടെ ഭാഗമായ പലിശ അടവിന് സഹായം നൽകുന്നതിനും, പരമ്പരാഗത കർഷകരെ മൃഗ സംരക്ഷണ രംഗത്ത് നിലനിർത്തുന്നതിനും ലക്ഷ്യമിട്ടാണ് പദ്ധതി.

ദേശസാൽകൃത ബാങ്കുകളിൽ നിന്നോ സഹകരണ ബാങ്കുകളിൽ നിന്നോ മൃഗസംരക്ഷണ മേഖലയിൽ മുതൽ മുടക്കാൻ വായ്പയെടുത്തിട്ടുള്ളവരിൽ തിരിച്ചടവിൽ മുടക്കം വരുത്താത്തവർക്ക് പദ്ധതി പ്രകാരം ആനുകൂല്യത്തിനായി അപേക്ഷിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ വിഭാഗം, വിധവ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, വനിത പൊതു വിഭാഗം എന്നീ മുൻഗണനാക്രമത്തിലാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി പ്രകാരം ഒരാൾക്ക് പലിശയിനത്തിൽ അടച്ച തുക പരമാവധി 5000 രൂപ എന്ന കണക്കിൽ ബാങ്ക് അക്കൗണ്ടുകളിലേക്ക് സർക്കാർ ധനസഹായമായി അനുവദിക്കുന്നതാണ്. പദ്ധതി ആനുകൂല്യത്തിനുള്ള അപേക്ഷ ജില്ലയിലെ എല്ലാ മൃഗാശുപത്രികളിൽ നിന്നും നേരിട്ടും cruekm.ahd@kerala.gov.in എന്ന ഈ മെയിൽ മുഖാന്തരവും ലഭിക്കുന്നതാണ്. അപേക്ഷ പൂരിപ്പിച്ച് ബാങ്ക് അക്കൗണ്ട്, പലിശ തിരിച്ചടവ് സംബന്ധിച്ച രേഖ, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം സെപ്റ്റംബർ 20 ന് മുമ്പായി തദ്ദേശ മൃഗാശുപത്രിയിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ ജില്ലയിലെ എല്ലാ മൃഗാശുപത്രികളിൽ നിന്ന് നേരിട്ടും 0484 2360648 എന്ന ഫോൺ നമ്പറിലും ലഭ്യമാണ്.

### പകർച്ചവ്യാധി: മുൻകരുതലുമായി ആരോഗ്യവകുപ്പ്

**കൊച്ചി:** പ്രളയത്തിനുശേഷം വരാനിരിക്കുന്ന പകർച്ചവ്യാധികളെ നേരിടുന്നതിനു മുന്നോടിയായി മരുന്നുകളുടേയും ശുചീകരണ വസ്തുക്കളുടേയും ഉപയോഗങ്ങൾ സംബന്ധിച്ച് ജനത്തെ ബോധവൽക്കരിക്കുമെന്ന് ജില്ലാ ആരോഗ്യവകുപ്പ്. ആശാ പ്രവർത്തകരെ ഉൾപ്പെടുത്തിയാകും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. വെള്ളപ്പൊക്കത്തെത്തുടർന്ന് ചെളി നിറഞ്ഞ വീടുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഉപയോഗിക്കേണ്ട മരുന്നുകൾ എല്ലാ ക്യാമ്പുകളിലും അങ്കണവാടികളിലും മറ്റും എത്തിച്ചിട്ടുണ്ട്. മഞ്ഞുമ്മലിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന്റെ ഗോഡൗണിൽ മാത്രമാണ് ഇപ്പോൾ മരുന്നുവിതരണം നടക്കുന്നത്. സ്ഥാപനങ്ങൾക്കു മാത്രമാണ് ഇവിടെ നിന്നു മരുന്നുകൾ ലഭിക്കുക. മഴക്കെടുതിയിൽ മുപ്പത് ലൈനുകളിലായി മുന്നൂറോളം ഡോക്ടർമാരാണ് ആരോഗ്യ വകുപ്പിന്റെ ഹെൽപ്പ് ലൈൻ കൈകാര്യം ചെയ്തത്. ഒറ്റപ്പെട്ട് കിടന്നിരുന്ന സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ മരുന്നുകൾ എത്തിക്കാൻ സാധിച്ചതായും ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ മൂന്ന് ജില്ലകളിൽ മാത്രമായി 1300 എയർ ഡ്രോപ്പുകൾ നടത്തി രക്ഷപ്പെടുത്തിയതായും ആരോഗ്യവകുപ്പ് വ്യക്തമാക്കി.

### 111 ക്യാമ്പുകളിലായി 56,492 പേർ

**കൊച്ചി:** പ്രളയബാധയെത്തുടർന്ന് ജില്ലയിൽ അവശേഷിക്കുന്നത് 111 ക്യാമ്പുകൾ. 15,325 കുടുംബങ്ങളിൽ നിന്നായി 56,492 ആളുകളാണ് ഈ ക്യാമ്പുകളിൽ കഴിയുന്നത്. വീടുകളിൽ നിന്ന് വെള്ളം ഇറങ്ങിയെങ്കിലും ചെളി നീക്കം ചെയ്യാൻ കഴിയാത്തതും സാധനങ്ങൾ നഷ്ടപ്പെട്ടതുമാണ് ആളുകളെ ക്യാമ്പുകളിൽ തുടരാൻ നിർബന്ധിതരാക്കുന്നത്. ഏറ്റവും കൂടുതൽ ആളുകളുള്ളത് പറവൂർ താലൂക്കിലാണ്. 82 ക്യാമ്പുകളിലായി 49,770 പേർ. ആലുവ താലൂക്കിൽ 24 ക്യാമ്പുകളിലായി 6,200 പേരും കണയന്നൂർ താലൂക്കിൽ നാലു ക്യാമ്പുകളിലായി 456 പേരും ഉണ്ട്. കൊച്ചി താലൂക്കിൽ ഒരു ക്യാമ്പിൽ 66 പേർ. കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിൽ നിലവിൽ ക്യാമ്പുകളൊന്നും പ്രവർത്തിക്കുന്നില്ല.

### പ്രളയ ബാധിതർക്ക് കിറ്റുകൾ

**കാക്കനാട്:** ദുരിതാശ്വാസ ക്യാമ്പുകൾ വിടുന്ന കുടുംബങ്ങൾക്ക് സർക്കാർ വക കിറ്റുകൾ ലഭ്യമാക്കും. അഞ്ചു കിലോ അരി, പയറുവർഗങ്ങൾ മറ്റ് അവശ്യ സാധനങ്ങൾ എന്നിവ അടങ്ങിയതായിരിക്കും കിറ്റ്. അതാത് ക്യാമ്പ് ഓഫീസർമാർക്കാണ് ഇവ വിതരണം ചെയ്യുന്നതിനുള്ള ചുമതല. മുഴുവൻ പ്രളയബാധിതർക്കും കിറ്റുകൾ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനം. ആദ്യഘട്ടത്തിൽ ക്യാമ്പുകളിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് കിറ്റുകൾ വിതരണം ചെയ്യുന്നത്. വിവിധ കേന്ദ്രങ്ങളിൽ നിന്ന് സർക്കാരിന്റെ കളക്ഷൻ സെന്ററുകളിൽ ലഭിച്ച സാമഗ്രികളാണ് കിറ്റുകളാക്കി വിതരണം ചെയ്യുന്നത്.

### ക്യാമ്പുകളുടെ ശുചീകരണം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതല

**കൊച്ചി:** ആളുകൾ ഒഴിഞ്ഞു പോകുന്ന ക്യാമ്പുകളുടെ ശുചീകരണം അടിയന്തരമായി പൂർത്തിയാക്കണമെന്ന് കളക്ടർ നിർദേശിച്ചു. സ്കൂളുകളുടെ ശുചീകരണം പ്രാധാന്യത്തോടെ നടപ്പാക്കണം. മാലിന്യങ്ങൾ പൂർണമായി നീക്കണം. ശുചീകരണത്തിനു ശേഷം ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശേഷമായിരിക്കണം സ്കൂളുകൾ കൈമാറേണ്ടത്. തദ്ദേശ സ്ഥാപന സെക്രട്ടറിക്കാണ് ഇതിന്റെ ഏകോപന ചുമതല. 29 ന് സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിലാണ് കളക്ടറുടെ നിർദേശം. ക്യാമ്പുകളിൽ നിന്ന് വീട്ടിലേക്ക് തിരിച്ചു പോകുന്നവർക്ക് ഭക്ഷണം പാകംചെയ്ത് നൽകുന്നതിനുള്ള സംവിധാനമൊരുക്കുമെന്നും കളക്ടർ അറിയിച്ചു.